# അതിജീവനത്തിന്റെ കീഴാളപാഠങ്ങൾ പൊട്ടൻതെയ്യത്തിൽ

അത്യുത്തര കേരളത്തിന്റെ തനതു കലാരൂപമാണ് തെയ്യം. ദേവതാ സങ്കൽപത്തെ മനുഷ്യശരീരത്തിലേക്ക് ആവാഹിക്കുകയാണ് തെയ്യക്കോലത്തിലൂടെ ചെയ്യുന്നത്. ഓരോ തെയ്യത്തിനും പ്രാദേശികമായ പാഠഭേദങ്ങൾ അനവധിയുണ്ട്. തെയ്യം കെട്ടുന്നതിന് ഓരോ ജാതിക്കാർക്കും പ്രത്യേക അവകാശങ്ങളും അധികാരങ്ങളുമുണ്ട്. ഈ ജന്മാവകാശപരിധികളെ മറ്റ് കോലക്കാർ മറികടക്കാറില്ല. ജാതിയിൽ താണവരാണെങ്കിലും ദേവതാരൂപം ധരിച്ചുവന്നാൽ ദൈവികമായ പരിവേഷവും മേലാളന്മാരുടെ വലിയ പരിഗണനയും കോലക്കാർക്ക് ലഭിക്കുന്നു. ഈ സമയത്ത് അയിത്താചാരവും ബാധകമല്ല. ജാതീയമായ ഉച്ചനീചത്വങ്ങളെ പൊളിച്ചെഴുതാൻ ഇക്കാലയളവിലെങ്കിലും കഴിഞ്ഞു എന്നത് ചിന്തനീയമാണ്. കീഴാളവിഭാഗത്തിന്റെ സാംസ്കാരിക മുദ്രകൾ തെയ്യാട്ടത്തിൽ എമ്പാടും കാണാം. ചിത്രകല, ശിൽപകല, കരകൗശലവിദ്യ, തുന്നൽ, നൃത്തം, ഗീതം, വാദ്യം, കാർഷിക പാരമ്പര്യം എന്നിങ്ങനെ കലാപരവും സാമൂഹികവുമായ ഒരുപാട് ആശയങ്ങളുടെ മേളനമാണ് തെയ്യം.

ഓരോ തെയ്യത്തിനും വ്യത്യസ്തമായ പുരാവൃത്തമുണ്ട്. വാമൊഴിയിൽ നിലനിന്നുപോന്ന തെയ്യപ്പുരാവൃത്തങ്ങൾ വടക്കേ മലബാറിന്റെ സാമൂഹികവും ചരിത്രപരവും സാംസ്കാരികവും രാഷ്ട്രീയവുമായ പരിസരങ്ങളെ അടയാളപ്പെടുത്തുന്നുണ്ട്. വരമൊഴിയുടെ വരേണ്യതയിൽ നിന്നും ഒരുപടി ഉയരെയാണ് ജീവിതപ്രതിസന്ധികളെ ആർജ്ജവ

ത്തോടെ എതിരിടാൻ കരുത്തു നൽകിയ തങ്ങളുടെ വാമൊഴിസമ്പ ത്തെന്ന് തെയ്യപ്പുരാവൃത്തങ്ങളിലൂടെ കീഴാളജനത തെളിയിക്കുന്നു. സാമുദായികമായ അടിച്ചമർത്തലുകളോട് പ്രതികരിക്കുന്ന കീഴാള ചേതന പല തെയ്യപ്പുരാവൃത്തങ്ങളുടേയും അടിയൊഴുക്കായിക്കാണാം.

തെയ്യാട്ടത്തിലെ മുഖ്യദേവതകളിലൊന്നാണ് പൊട്ടൻതെയ്യം. സർവ്വജ്ഞ പീഠമേറാനായി യാത്രതിരിച്ച ശ്രീശങ്കരാചാര്യരെ ചണ്ഡാ ലവേഷം ധരിച്ച് ശിവഭഗവാൻ പരീക്ഷിച്ചുവെന്ന പുരാവൃത്തം പ്രസിദ്ധ മാണ്. ശ്രീശങ്കരനെ പരീക്ഷിക്കുവാൻ താൻ ധരിച്ച കപട പുലയവേഷം എന്നേയ്ക്കും കാണുവാനായി പരമേശ്വരൻ തന്റെ തേജസ്സിൽ നിന്ന് സൃഷ്ടിച്ച മൂർത്തിയാണ് പൊട്ടൻതെയ്യം. മിക്ക തെയ്യങ്ങളും തുലാം പത്തു മുതൽ ഇടവപ്പാടി വരെയുള്ള കാലയളവിലാണ് കെട്ടിയാടാറുള്ളതെങ്കി ലും പൊട്ടൻതെയ്യത്തിന് കൃത്യമായ സമയനിഷ്കർഷയില്ല. നേർച്ചയുടെ ഭാഗമായി എപ്പോൾ വേണമെങ്കിലും കെട്ടിയാടാം.

‘ചിരിച്ചൊന്നു തുള്ളിച്ചാടി
കുതിച്ചുടനഗ്നി തന്നിൽ
പതിച്ചു നർത്തനം ചെയ്യുന്ന്’

ദേവതയാണെന്ന് തോറ്റം പാട്ടിൽ പ്രസ്താവിക്കുന്നുണ്ട്. പൊട്ടൻതെ യ്യത്തിന്റെ വേഷവും ആട്ടവും നർത്തനവും മൊഴിയും കളിയുമൊക്കെ മദ്യപിച്ച ഒരു പുലയന്റെ പൊട്ടൻകളിക്ക് അനുഗുണമായി തോന്നും.

പൊട്ടൻതെയ്യം ‘പെട്ടെന്നുള്ളൊരനർത്ഥജാലമൊഴിവാക്കിടാനുമീ മാനുഷർക്കിഷ്ടം തൽക്ഷണമേകുവാനുമധികം കാരുണ്യമാർന്ന്’ ദൈവ മാണെന്നും, ആ ദേവത ‘ഇഷ്ടംപൂണ്ടഴൽ നീക്കി വിഷ്ടപതലം രക്ഷിച്ച ഭീഷ്ടം നൽകുമെന്നും’ വന്ദനശ്ലോകങ്ങളിൽ പ്രസ്താവിച്ചു കാണുന്നു.

മാരണം മറ്റുമോരോ വേഷങ്ങൾ വരുന്ന കാലം
മങ്ങാതെ തടുത്തു നിർത്തി മംഗളമരുളീടേണം
മതിച്ചുവന്നെതിർത്തീടുന്ന കുസൃതികളായവർക്ക്
മതിക്കുനാശം വരുത്തി മുടിക്കേണം വംശമെല്ലാം.

എന്നിങ്ങനെയാണ് ‘കഷ്ടത തീർത്തീടുന്ന പുലപ്പൊട്ടൻ’ ദൈവ ത്തോടുള്ള തോറ്റംപാട്ടുകാരന്റെ പ്രാർത്ഥന. ഉദ്ദിഷ്ടകാര്യവിജയം, ആപത്തോചനം, ശത്രുക്കളിൽനിന്നുള്ള രക്ഷ എന്നിവയക്കായി പൊട്ട നാട്ടം നടത്തിക്കാറുണ്ട്, കോടതിസംബന്ധമായ വ്യവഹാരാദികളിൽ വിജയമുണ്ടാകാനും, നഷ്ടപ്പെട്ട സാധനങ്ങൾ തിരിച്ചു കിട്ടാനും മറ്റുമായി

പൊട്ടന് നേർച്ചനേരുക പതിവാണ്. കളവു സംബന്ധമായ കാര്യങ്ങൾ വെളിച്ചത്തു കൊണ്ടുവരികയെന്നത് ഈ ദേവതയുടെ പ്രത്യേകധർമ്മമായി കരുതിപ്പോരുന്നു. അത്യുത്തര കേരളത്തിലെ മലയരും പുലയരുമാണ് പൊട്ടൻകോലം കെട്ടുന്നതിൽ പ്രധാനികൾ. പുലപ്പൊട്ടനെ കെട്ടിയാടുന്നതിൽ തങ്ങൾക്ക് പ്രത്യേക പാരമ്പര്യവും പൈതൃകമായി ലഭിച്ച അവകാശവും ഉണ്ടെന്ന് ഇവർ കരുതിപ്പോരുന്നു. അഗ്നിനൃത്തം ചെയ്യുന്ന തെയ്യമാണ് പൊട്ടൻ. പൊട്ടൻ മേലേരിയിൽ പതിക്കുന്നതിനെ ശീതംമാറ്റുക എന്നാണ് പറയുക. ഒരു കോലമേയുള്ളൂവെങ്കിലും മൂന്നുതരത്തിലുള്ള മുഖപ്പാളകൾ മാറിമാറി ധരിച്ച് മൂന്നുതരത്തിലുള്ള ദേവതകളുടെ സങ്കൽപം ആരോപിക്കപ്പെട്ടുകാണാറുണ്ട് പൊട്ടൻതെയ്യത്തിൽ പരമേശ്വരൻ, പാർവ്വതി, നന്ദികേശ്വരൻ എന്നിവരുടെ അംശഭൂതങ്ങളായ പുലപൊട്ടൻ, പുലച്ചാമുണ്ഡി, പുലമാരുതൻ എന്നിവയാണവ.

പ്രബലമായ ഒരു പുരാവൃത്തത്തിന്റെ നാടകീയവും അനുഷ്ഠാനപരവുമായ ആവിഷ്കരണമാണ് പൊട്ടൻതെയ്യം. പൊട്ടന്റെ കളികളും നർമ്മരസം ഊറുന്ന മൊഴികളും പ്രേഷകരെ രസിപ്പിക്കാതിരിക്കയില്ല. പൊട്ടൻതെയ്യത്തിന്റെ വാമൊഴി ഉത്തരകേരളത്തിലെ പുലയന്റെ ഇടർച്ചയോടുകൂടിയ ഭാഷണത്തിന്റെ പ്രതീതി ജനിപ്പിക്കും. പൊട്ടൻതെയ്യത്തിന്റെ തോറ്റവും പ്രത്യേകതയുള്ളതാണ് മറ്റു കോലങ്ങൾക്ക് 'പൊലിക പൊലിക ദൈവമേ' എന്ന് തോറ്റം പാടാനാരംഭിക്കുമ്പോൾ പൊട്ടൻതെയ്യത്തിന് 'വരിക വരിക ജനമേ' എന്നാണ് പാടിത്തുടങ്ങാറ്. പൊട്ടൻകോലത്തിന്റെ ജനകീയസ്വഭാവം ഇവിടംമുതൽ തന്നെ വ്യക്തമായി തുടങ്ങുന്നു. കീഴാളജനതയുടെ ആശ്രയസംഹിതകളും ജിവിതദർശനവും അവർ അനുഭവിക്കുന്ന സാമൂഹിക വിവേചനവും അതിനോടുള്ള അമർഷവും പ്രതിഷേധവും നിറഞ്ഞുനിൽക്കുന്നതുകൊണ്ട് അനുഷ്ഠാനത്തിനപ്പുറം പ്രാധാന്യമുണ്ട് പൊട്ടൻതെയ്യത്തിന്റെ പുരാവൃത്തത്തിനും തോറ്റത്തിനും. വടക്കേ മലബാറിലെ പുലയരുടെ സൂക്ഷ്മമായ ജീവിതനിരീക്ഷണവും, കാഴ്ചപ്പാടുകളും ഭാഷാശൈലിയും ദൈനംദിനവ്യവഹാരങ്ങളും പൊട്ടൻതെയ്യത്തിന്റെ തോറ്റത്തിൽ പ്രതിഫലിക്കുന്നുണ്ട്. ശങ്കരാചാര്യരെ കാശിവിശ്വനാഥൻ ചണ്ഡാളരൂപത്തിൽ പ്രത്യക്ഷപ്പെട്ട് പരീക്ഷിച്ച പ്രഖ്യാതമായ പുരാവൃത്തത്തെയും അതിലടങ്ങിയിരിക്കുന്ന വിശാലമായ തത്ത്വചിന്തയേയും അക്ഷരാഭ്യാസം അന്യമായിരുന്ന അവർണൻ തന്റെ കാഴ്ചപ്പാടിലേക്ക് പരിവർത്തിപ്പിച്ചു എന്നതാണ് പൊട്ടൻതെയ്യത്തിന്റെ സാമൂഹികപ്രസക്തിയെന്ന് അതിന്റെ സാമ്പ്രദായിക വ്യാഖ്യാനങ്ങൾ പറഞ്ഞുറപ്പിച്ചിട്ടു

ണ്ട്. സമൂഹത്തിൽ താൻ നേരിടുന്ന അസമത്വത്തെയും ചൂഷണത്തേയും ആചാര്യ-ചണ്ഡാല സംവാദത്തിലേക്ക് പറിച്ചുനട്ട് അതിനെ സമൂഹിക വിമർശനത്തിന്റെ ഉയർന്നതലത്തിലേക്ക് എത്തിക്കാൻ പൊട്ടൻതെയ്യത്തന്റെ തോറ്റത്തിലൂടെ ഉത്തരകേരളത്തിലെ കീഴാളജനതക്കു കഴിഞ്ഞു. ശങ്കരാചാര്യരുടെ 'മനീഷാപഞ്ചക'ത്തിന്റെ കീഴാളഭാഷ്യമാണോ പൊട്ടൻതെയ്യത്തിന്റെ തോറ്റമെന്ന ചോദ്യം പ്രസക്തമാണ്. ആ നിലയിൽ ധാരാളം വ്യാഖ്യാനങ്ങൾ പൊട്ടൻതെയ്യത്തിനുണ്ടായിട്ടുമുണ്ട്. അധീശശക്തികൾക്കെതിരെയുള്ള അവർണരുടെ സാമൂഹിക ഇടപെടലും പ്രതിരോധത്തിന്റെ കീഴാളപാഠവുമായി ശ്രദ്ധനേടിയതാണ് പൊട്ടൻതോറ്റം. ഈ നിലയിലുള്ള ഉത്തരമലബാറിന്റെ ആദ്യമുന്നേറ്റവും ഇതുതന്നെയാവാം. എന്നാൽ ഇത് ശങ്കരാചാര്യരിൽനിന്നല്ല, കുറെക്കൂടി പ്രാചീനമായ വേരുകൾ ഈ പ്രതിരോധ പാരമ്പര്യത്തിനുണ്ട്.

നാടുവാഴിത്ത കാലഘട്ടത്തിൽ സമൂഹത്തിലെ മേലാളന്മാരുടെ കാഴ്ചപ്പാടിൽ അദ്ധ്വാനിക്കുന്നവൻ അഴക്കുപുരണ്ടവനും അകറ്റി നിർത്തേണ്ടവനുമായിരുന്നു. വീടുകളിൽ നിന്നു മാത്രമല്ല, സാംസ്കാരികമായി തങ്ങൾ കൈവശം വച്ചിരുന്ന ഭാഷയിൽനിന്നും സാഹിത്യത്തിൽനിന്നും മറ്റു ജ്ഞാനമേഖലകളിൽനിന്നും അവരെ മാറ്റിനിർത്താൻ മലയാളസമൂഹം ഉത്സാഹിച്ചു. താണവരിൽ തരംതാണവരായിരുന്നു അദ്ധ്വാനിക്കുന്ന പുലയൻ. ഉപരിവർഗം അനുഭവിക്കുന്ന ഉയർന്ന നിലവാരത്തിലുള്ള ജീവിതസാഹചര്യം നിസ്സഹായനായ പുലയന് എന്നും അപ്രാപ്യമായിരുന്നു. തന്റെ അദ്ധ്വാനത്തെയും അവകാശങ്ങളെയും ചൂഷണം ചെയ്തു മേലാളരായവരെ നേരിട്ട് ചോദ്യംചെയ്യാനോ പ്രതികരിക്കുവാനോ ഉള്ള ധൈര്യമോ സാഹചര്യമോ ഇച്ഛാശക്തിയോ കീഴാളന് ഒരു കാലത്തും ഉണ്ടായിരുന്നില്ല. ഉണ്ടാകുവാൻ മേലാളർ അനുവദിച്ചിരുന്നുമില്ല. അതിനാൽത്തന്നെ ഈ ദയനീയാവസ്ഥ തങ്ങളുടെ നിയോഗമാണെന്ന മട്ടിൽ നിശ്ശബ്ദമായി സഹിച്ചുപോരുകയാണ് അവർ ചെയ്തു വന്നത്.

സവർണ്ണരായ ശൂദ്രർക്കുപോലും അക്ഷരം അന്യമായിരുന്ന കാലത്ത് ഇത്ര തീവ്രമായ ഒരു പ്രതിരോധചിന്താപാരമ്പര്യം പുലയർക്ക് കിട്ടിയതെങ്ങനെയെന്ന ചോദ്യം ചരിത്രത്തിലെ ചില പകർന്നാട്ടങ്ങളിലേക്ക് നമ്മെ കൊണ്ടുപോകും. ബ്രാഹ്മണികമായ അറിവുകളെ മുൻനിർത്തി കീഴാളർക്ക് അറിവിന്റെ പാരമ്പര്യമില്ലായെന്ന പരമ്പരാഗതവ്യാഖ്യാനങ്ങളെ അപ്പോൾ നിരാകരിക്കേണ്ടിയും വരും. ശങ്കരാചാര്യരെ പരീക്ഷിച്ച ചണ്ഡാളരൂപിയായ ശിവന്റെ ചൈതന്യം തങ്ങളുടെ സ്വത്വബോധത്തിലുള്ളതാണെന്ന് വിളിച്ചുപറയാൻ പുലയന് ഈ തെയ്യത്തിലൂടെ

കഴിയുന്നുണ്ട്. സാമുദായികമായി തിരിച്ചറിവുകൾ നേടാനുള്ള പ്രാപ്തി അവർക്കുണ്ടായിരുന്നു എന്നതിന്റെ തെളിവാണ് പൊട്ടൻതെയ്യം. ആത്മബോധത്തിന്റെയും വേദാന്തസാരത്തിന്റെയും സത്ത ശക്തമായി പ്രതിഫലിപ്പിക്കുന്ന ഏക തെയ്യമാണ് പൊട്ടൻ എന്നതും ശ്രദ്ധേയ മാണ്. ഈ ചിന്താസാരം യഥാർത്ഥത്തിൽ ബൗദ്ധദാർശനികതയുടെ പാരമ്പര്യമാണ്. കീഴാളർക്കിടയിൽ സജീവമായിരുന്ന ബുദ്ധപാരമ്പ ര്യത്തെക്കുറിച്ച് സമീപകാലത്ത് ധാരാളം ഗവേഷണങ്ങൾ നടന്നുകൊ ണ്ടിരിക്കുന്നുണ്ട്.

പൊട്ടൻ എന്ന പേരിൽതന്നെ പരിഹാസ്യമായ പേരും ഇല്ലപ്പേരും ചുമക്കാൻ വിധിക്കപ്പെട്ട കീഴാളന്റെ സ്വത്വം നിഴലിക്കുന്നതു കാണാം. കാര്യകാരണങ്ങൾ അറിഞ്ഞുവെച്ചുകൊണ്ടുതന്നെ അറിവില്ലായ്മ നടി ക്കുന്നതിന് പൊട്ടൻകളി കളിക്കുക എന്നുതന്നെയാണല്ലോ ഇന്നും വ്യ വഹരിച്ചു പോരുന്നത്. ആത്മജ്ഞാനമില്ലാതെ ഭേദബുദ്ധിയായിരിക്കു ന്ന മേലാളന്മാർക്ക് നേരെയുള്ള സഹതാപമാണ് പൊട്ടനാട്ടത്തിലെ പൊട്ടന്റെ ഭാവത്തിലുള്ളത് എന്നും തിരിച്ചറിയേണ്ടതുണ്ട്. അവർണ്ണ ത്വത്തിന്റെ പേരിൽ ഒരു സമുദായത്തെ നൂറ്റാണ്ടുകളോളം അശ്രീകര മായി കണ്ട് പടിയടച്ച് പുറത്ത് നിർത്തിയവരുടെ പടിപ്പുരവാതിലിനേ റ്റ ആദ്യആഘാതമായി പൊട്ടനാട്ടത്തെ കണക്കാക്കാം.

ഗണപതിയെ ആലയായും നാലുദേവകളെ കാലികളായും സരസ്വ തിയെ ഞെങ്ങോലുമായി കണക്കാക്കി ഉഴുന്ന കാഴ്ചയാണ് പൊട്ട ൻതെയ്യത്തിന്റെ തോറ്റത്തിൽ കാണാനാവുക. മേലാളൻ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുമ്പോൾ വയലിൽനിന്ന് ജീവിതപാഠങ്ങൾ കണ്ടെ ത്തുന്ന പുലയൻ അതിലൂടെ അറിവിന്റെ മറുകര തേടാനാരംഭിക്കുന്നത് ഉചിതം തന്നെ. പരിമിതമായ ജീവിതവിഭവങ്ങളുടെ പരിമിതി മറി കടന്ന് പുലയൻ ശരീരത്തിനും വയലിനുമിടയിലൂടെ ജീവിതത്തിന്റെ നാദവും താളവും കണ്ടെത്തുന്നു. ജീവിതാനുഭവങ്ങളിൽ നിന്ന് സ്വരൂപി ച്ചെടുത്ത പുലയന്റെ ജ്ഞാനദർശനം സമാനതകളില്ലാത്തതാണെന്ന് പൊട്ടൻതെയ്യത്തിന്റെ തോറ്റം തെളിയിക്കുകയാണിതിൽ. പ്രായോഗിക ജീവിതസന്ദർഭങ്ങളിലും അറിവുകളിലും കാർഷികജീവിതത്തിലും ബുദ്ധ മതത്തിന് വലിയ പാരമ്പര്യമുണ്ടായിരുന്നുവെന്ന് സമീപകാല ഗവേഷ ണങ്ങൾ പലതും തെളിയിച്ചിട്ടുണ്ട്.ഉത്തരമലബാറിൽ ഇപ്പോഴും തുടർന്നു പോരുന്ന പല കാർഷികപാരമ്പര്യങ്ങളും കീഴാളപാരമ്പര്യങ്ങളിലെ ബുദ്ധസ്വാധീനത്തിന് തെളിവായി പഠിതാക്കൾ സൂചിപ്പിക്കുന്നുണ്ട്.

പുഞ്ചകൃഷിയുടെ ഇടവഴിയിലൂടെ നടന്നുവരുന്ന പുലയനോട് മേലാളൻ പറയുന്നു. കൽപിച്ചതുപോലെ വഴിതിരിയാൻ തനിക്കേറെ പ്രയാസമുണ്ടെന്ന് അയാൾ പറയുന്നു. ഒക്കത്ത് കുട്ടിയും തലയിൽ കള്ളും അപ്പുറം കാടും ഇപ്പുറം മുള്ളും ഉണ്ടെന്നിരിക്കെ പെട്ടെന്നു വഴിമാറാൻ തനിക്കാവില്ല. ഭൗതികലോകത്തെ മതിഭ്രമങ്ങളെ പരമാത്മസത്തയോട് താരതമ്യം ചെയ്ത് മേലാളന്റെ സൗഭാഗ്യങ്ങളും കീഴാളന്റെ പരിമിതികളും അർത്ഥശൂന്യമായ വ്യവഹാരങ്ങളാണെന്ന് പുലയൻ സ്ഥാപിക്കുന്നു. ചിരിയും ചിന്തയും മാറിമാറി മേളിച്ച് സാമൂഹികവിമർശനത്തിലേക്കെത്തിച്ചേരുന്നു. മേലാളന്റെ ഉന്നതിയും കീഴാളന്റെ ദൈന്യതയെയും താരതമ്യപ്പെടുത്തിക്കൊണ്ടാണ് തോറ്റം മുന്നോട്ടു പോകുന്നത്. പുലയന്റെ വാസസ്ഥാനങ്ങളിലും പാഴ്നിലങ്ങളിലും വളരുന്ന തുത്താവും വാഴപ്പഴവുമാണ് മേലാളന്റെ പൂജയ്ക്ക് ഉപയോഗിക്കുന്നത്. പുലയന് പ്രവേശനമില്ലെങ്കിലും പൂജാമുറിയിൽ അവന്റെ അദ്ധ്വാനഫലത്തിന് അയിത്തമില്ല. മേലാളൻ ഉരുളികമിഴ്ത്തുമ്പോൾ താൻ പാള കമിഴ്ത്തുന്നു. മേലാളന് ചുറ്റാൻ വീരാളിപ്പട്ട്, തനിക്കുടുക്കാൻ മഞ്ചട്ടി ചൊവ്വറ്, ചന്ദനം ചാർത്തി നടക്കുന്നു. താൻ ചെളിപുരണ്ട് നടക്കുന്നു. മേലാളൻ പൊൻകോയ ധരിക്കുമ്പോൾ തന്റെ ശരീരത്തിൽ മീൻകോയയാണുണ്ടാവുക. തമ്പുരാൻ പാടവും പറമ്പും പൊന്നും വീതംവെയ്ക്കുമ്പോൾ പുലയൻ പുഴയും തേവിപ്പിടിച്ച കണ്ണിമീനുകളും പകുത്തെടുക്കുന്ന വാളും പരിചയും മേലാളർക്ക് മുടിക്കോലും കത്തിയും തനിക്ക്. തമ്പുരാന് മഴ നനയാതിരിക്കാൻ കളക്കുടം തനിക്ക് മഴയത്ത് പണിയെടുക്കാൻ കൊരമ്പ. അവർ വെറ്റിലക്കൂട്ടി മുറുക്കുന്നു. താൻ അല്ലിക്ക തിന്നു നടക്കുന്നു. ചൊവ്വർ ആനപ്പുറത്തും കുതിരപ്പുറത്തും കയറുമ്പോൾ തങ്ങൾ പോത്തിൻപുറത്തും മൂരിപ്പുറത്തും കയറുന്നു. തമ്പുരാൻ അമ്പലത്തിൽ പ്രദക്ഷിണം വെക്കുമ്പോൾ താൻ കളപ്പുരയ്ക്ക് കാവലായി ചുറ്റിനടക്കുന്നു. പടകുറിച്ച് തമ്പുരാൻ നടക്കുമ്പോൾ തെറികുറിച്ചുകൊണ്ട് താനും നടക്കുന്നു. ചൊവ്വർ എന്തിനാണ് പുലമ്പിശകുന്നത്. അതായത് ചീത്തപറയുന്നത് യഥാർത്ഥത്തിൽ താൻ നിൽക്കുന്നിടത്തേക്ക് വന്ന് തന്നെ തീണ്ടിക്കൊണ്ടാണ് മേലാളൻ പുലയാട്ടു പറയുന്നത്. അത് അർത്ഥശൂന്യമാണ്. ഞങ്ങളെ കൊത്തിയാലും നിങ്ങളെ കൊത്തിയാലും പുറത്തേക്ക് വരുന്നത് ഒരേ നിറത്തിലുള്ള ചോരയാണ്. മനുഷ്യർ തമ്മിൽ ഒരു തരത്തിലും ഭിന്നതയില്ല. പക്ഷേ അതുണ്ടെന്ന് നിങ്ങൾ ഭാവിക്കുന്നു. മാപ്പിളക്കോയിലിലുള്ളവർ മാത്രമേ ഞങ്ങളോട് പുലമ്പിശകാത്തതുള്ളൂ. പെരിയോരുടെ മുന്നിൽ എല്ലാവരും സമന്മാരാണ്. അതുകൊണ്ടുതന്നെ ഇപ്പോഴത്തെ പുലംപിശകൽ അർത്ഥരഹിതമാണ്.

മുപ്പത്തിമുക്കോടി മരങ്ങളിൽ വിശേഷപ്പെട്ട മൂന്നുമരങ്ങളിൽ ഒന്നായ കരിമരം പൂത്ത പൂവാണ് തന്റെ കൈവശമുള്ളത്.

ആ പൂവെടുത്ത് മണക്കായ്ക്ക കൊണ്ടല്ലേ
തെറ്റെന്നു തെറ്റായിപ്പേശുന്നു ചൊവ്വറ്

എന്നാണ് പുലപ്പൊട്ടൻ ചോദിക്കുന്നത്. മുപ്പത്തിമൂക്കോടി ദേവകളിൽ വിശേഷപ്പെട്ടവർ ത്രിമൂർത്തികൾ. അവരിലൊരുവനായ ശിവൻ. ആ ശിവചൈതന്യമാണ് തന്നിൽ നിറഞ്ഞിരിക്കുന്നത്. യഥാർത്ഥ ജ്ഞാനം ലഭിച്ച പുലയൻ മേലാളൻ ആർജ്ജിച്ച ജ്ഞാനത്തിന്റെ പൊള്ളത്തരം വിവരിക്കുന്ന സാഹചര്യമാണിത്. ശിവചൈതന്യം നിറഞ്ഞ തന്റെ സത്ത മേലാളന് എത്തിപ്പിടിക്കാനാവാത്ത ഒന്നാണെന്ന് ഇവിടെ പുലയൻ തിരിച്ചറിയുന്നു.

ചാള നിർമ്മിക്കുന്ന അതേ ലാഘവത്വത്തോടെ നശ്വരമായ മനുഷ്യശരീരത്തിന്റെ രൂപകല്പനയേയും പ്രവർത്തനരീതിയെയും തുടർന്ന് പുലയൻ കാണുന്നു. തുടർന്ന് വിശാലമായ തത്വചിന്തയുടെയും പരബ്രഹ്മശക്തിയുടെയും അറിവിടങ്ങളിലേക്ക് തന്റെ പരിമിതിയിൽ നിന്നും കൊണ്ടുതന്നെ അയാൾ ഊളിയിടുന്നു. ആറ് കടന്നിട്ട് അക്കരെ എത്തുമ്പോൾ ആനന്ദമുള്ളവനെ കാണാമെന്നു പറയുന്നതിനെ

പടിയാറും കടന്നവിടെ ചെല്ലുമ്പോൾ
ഹരനെക്കാണാനും ശിവശംഭോ

എന്ന പ്രഖ്യാതവരികളുമായും തന്ത്രശാസ്ത്രത്തിലെ കുണ്ഡലിനി ശക്തിയുമായും ശങ്കരാചാര്യരുടെ സൗന്ദര്യലഹരിയുമായും ഒക്കെ ചേർത്തുവെച്ച് വായിച്ചെടുക്കാവുന്നതാണ്. എന്നാൽ അവയ്ക്കൊക്കെ മുന്നേ ദ്രാവിഡദേശങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്ന ബൗദ്ധദാർശനികതയുടെ വെളിച്ചവും ഭൗതികസമീപനവുമാണ് യഥാർത്ഥത്തിൽ അവയിലുള്ളത്. ചലനാത്മകമായ ജീവിതമാകുന്ന നദി. അത് പ്രതിബന്ധങ്ങൾ നിറഞ്ഞതാണ്. അതു തരണം ചെയ്യാനുപയോഗിക്കുന്ന തോണി ഈശ്വരവിശ്വാസത്തിന്റേതാകാം. ശുഭ പ്രതീക്ഷയുടേതുമാകാം. അക്കരെ ചെല്ലുമ്പോൾ പരമാത്മചൈതന്യം അനുഭവിക്കാനാകും.

കടിയക്കുളത്തിലെ മീനിന് നേരിയ കയ്പ്പ് സ്വാഭാവികമാണ്.. ഞങ്ങളുടെ ഉയർന്ന ജന്മത്തിലും സൗഭാഗ്യങ്ങളിലും അഭിരമിച്ച് അതില്ലാത്തവനെ ആട്ടിയകറ്റുന്ന മേലാളന്റെ അജ്ഞാനത്തെയാണ് കടിയക്കുളത്തിലെ കയ്പ്പ് സൂചിപ്പിക്കുന്നത്. തുടർന്ന് തന്റെ ജീവിതത്തിലെ

അസ്വസ്ഥതകളിലേക്ക് അവൻ ശ്രദ്ധതിരിക്കുന്നു. ചാളയിൽ കുടുംബത്തോടൊപ്പം സ്വസ്ഥമായി ഇരിക്കാൻ തങ്ങൾക്കും കഴിയാറില്ല. ശ്രദ്ധയോടെ സദാ കൃഷിയെ പരിപാലിക്കണം. വിളയിലിറങ്ങുന്ന പോത്തിനെ ഓടിക്കുമ്പോൾ ഉഴുതിട്ട വയലിൽ ചവിട്ടാതെയും ശ്രദ്ധിക്കണം. മേലാളന്റെ പുരയിടത്തിൽ ചക്കയ്ക്ക് ചെല്ലുമ്പോൾ കൊമ്പത്തെ ചക്കയേ പറിപ്പിക്കൂ. വിശപ്പിന്റെ ആന്തലിൽ ചക്കയ്ക്കു വേണ്ടി മുകളിൽ കയറുന്ന കുട്ടൻ ചക്കയോടൊപ്പം താഴേക്ക് വീഴുന്ന സാഹചര്യം പുലയനെ പേടിപ്പെടുത്തുന്നുണ്ട്. അവന്റെ കുട്ടികൾ നേരിടുന്ന മറ്റൊരു പ്രശ്നം മോഷണക്കുറ്റം ചുമത്തലാണ്. വിളഞ്ഞുകിടക്കുന്ന കക്കിരിക്ക കണ്ടാൽ ഒരെണ്ണം തിന്നാൻ ആഗ്രഹിക്കാത്ത കുട്ടികളുണ്ടാവില്ലല്ലോ. അതു മഹാ അപരാധമായിക്കണ്ട് ശിക്ഷ നേരിടേണ്ടി വരുന്ന കുഞ്ഞിനെയോർത്തും അയാൾ തകരുന്നു. ഈ നിസ്സഹായതയിൽ നിന്നെല്ലാം പൊട്ടൻതെയ്യം തന്നെ കരകയറ്റണമെന്ന് അവൻ പ്രാർത്ഥിക്കുന്നു.
തന്റെ കൈവശമുള്ളതുകൊണ്ട് താൻ തൃപ്തനാണെന്നും ജീവിക്കാൻ അതിൽക്കൂടുതലൊന്നും ആവശ്യമില്ലെന്നും പുലയൻ പറയുന്നുണ്ട്.

പെരിയോന്റെ കോയിൽക്കൽ എല്ലാവരും ചെന്നാൽ
അവിടെയ്ക്ക് നീങ്കളും നാങ്കളുമൊക്കും

എന്നതിലൂടെ ഭൗതികജീവിതത്തിലെ അസമത്വങ്ങളെയും അസംതൃപ്തികളെയും സിദ്ധാന്തപക്ഷത്തുനിന്നു കൊണ്ട് നേരിടുകയാണ് അയാൾ. മേലാളനെ തൊടാൻ വിലക്കുള്ള ജാതിയിൽപ്പെട്ടവനായിട്ടും ഇഹലോകത്തെയും പരലോകത്തെയും കണക്കുകളെ തൊട്ടുകൂട്ടാൻ ശ്രമിച്ചതുകൊണ്ടാണ് ശങ്കരാചാര്യർക്കു പോലും നേരാംവണ്ണം മനസ്സിലാകാത്ത അദ്വൈതം പുലയന്റെ തിരിച്ചറിവായി മാറുന്നത്.

ജാതീയമായ വിവേചനവും അടിച്ചമർത്തലുകളും അതിശക്തമായിരുന്ന കേരള സമൂഹത്തിൽ പൊട്ടൻതെയ്യത്തിന്റെ കാഴ്ചപ്പാടുകളെയും ആവിഷ്കരണത്തെയും മേലാളർ എതിർക്കാതിരുന്നതിനു കാരണം തെയ്യക്കോലത്തിന്റെ ദേവതാപരിവേഷം തന്നെയാവണം. ചണ്ഡാളന്റെ രൂപത്തിൽ വന്ന ശിവനെ എതിർക്കാനും ശിവന്റെ വീക്ഷണമെന്ന നിലയിൽ അവതരിപ്പിച്ച പുലയന്റെ കാഴ്ചപ്പാടുകളെ വിലക്കാനും തെയ്യക്കോലത്തിനുള്ള വിശ്വാസത്തിന്റെ പിൻബലം അഭിജാതവർഗ്ഗത്തിനെ അനുവദിച്ചിരിക്കില്ല. അങ്ങനെ പൊട്ടൻതെയ്യം ശബ്ദമില്ലാത്തവന്റെ പൊട്ടന്റെ ശബ്ദമായി മാറി. മറുത്തുപറയാൻ അവകാശമില്ലാത്ത ഇരുട്ടിൽ നിന്നവനെ ആത്മവിശ്വാസത്തിന്റെ വെളിച്ചത്തിലേക്കു കൊണ്ടുവരാൻ പൊട്ടൻ തെയ്യത്തിനു സാധിച്ചു. ഈ തെയ്യം തെളിച്ച

വെളിച്ചത്തിലൂടെയാണ് മലബാറിലെ സാമൂഹിക നവോത്ഥാന പ്രവർത്തനങ്ങൾ പിൽക്കാലത്ത് ഗതിവേഗമാർജ്ജിച്ചത്.

അവർണനായി ജനിച്ചതുകൊണ്ടുമാത്രം നിഷേധിക്കപ്പെട്ട ജ്ഞാനപാരമ്പര്യത്തെയും ചിന്താശീലത്തെയും തങ്ങളുടെ പരമിതികളള്ളിൽ നിന്നുകൊണ്ട് വീണ്ടെടുക്കുവാൻ ശ്രമിക്കുന്ന ഒരു സമുദായത്തിന്റെ നേർചിത്രമാണ് പൊട്ടൻതെയ്യത്തിലൂടെ അനാവൃതമാകുന്നത്. സാമൂഹിക വിമർശനത്തിന്റെയും നർമ്മബോധത്തിന്റെയും കരുത്തിൽ തന്റെ ജീവിതനിസ്സഹായതയെ മറിക്കടക്കാനുള്ള ഊർജ്ജം സംഭരിക്കുകയാണ് പൊട്ടൻതെയ്യത്തിലൂടെ കീഴാളജനത. ഭൗതികതയേയും ആത്മീയതയേയും ശരിയാംവണ്ണം സമന്വയിപ്പിച്ച ബൗദ്ധപാരമ്പര്യത്തിന്റെയും ദാർശനികതയുടേയും സൂക്ഷ്മമുദ്രണങ്ങളാണ് പൊട്ടൻതെയ്യത്തിന്റെ നാടോടി പാരമ്പര്യത്തിൽനിന്ന് നമുക്ക് വായിച്ചെടുക്കാനാവുക. അതിജീവനത്തിന്റെ ഈ കീഴാള പാഠങ്ങൾ നമ്മുടെ ആധ്യാത്മിക, ബൗദ്ധിക, സാംസ്കാരിക മേഖലകളിൽ ശുദ്ധിയും ശക്തിയും നിറയ്ക്കുക കൂടി ചെയ്യുന്നതിനാൽ കൂടുതൽ പ്രസക്തമാവുകയും ചെയ്യുന്നു.

നിത്യ പി.വിശ്വം
അസി. പ്രൊഫസർ
മലയാള വിഭാഗം
ശ്രീനാരായണ കോളേജ്
ശിവഗിരി, വർക്കല.
Email: nithyanidheesh11@gmail.com